# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 3372 11.05.2017-ൽ മറുപടിക്ക്

## <u>സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് പദ്ധതി</u>

**<u>ചോദ്യം</u>**
**ശ്രീ.എൽദോസ് കുന്നപ്പിള്ളി**
**"എ.പി. അനിൽ കുമാർ**
**"അനൂപ് ജേക്കബ്**
**"കെ.എസ്.ശബരീനാഥൻ :**

**<u>മറുപടി</u>**
**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(വിനോദസഞ്ചാരവും ദേവസ്വവും സഹകരണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദീകരിക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് "നവകേരളീയം കുടിശ്ശിക നിവാരണം 2017". |
| (ബി) | ഇതനുസരിച്ച് 2017 മാർച്ച് 31 വരെ എത്ര കോടി രൂപയാണ് കുടിശ്ശികയായി തിരിച്ചടച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതനുസരിച്ച് 2017 മാർച്ച് 31 വരെ **5743.85 കോടി** രൂപയുടെ വായ്പാ കുടിശ്ശികയാണ് തിരിച്ചടച്ചിട്ടുള്ളത്. |
| (സി) | കുടിശ്ശിക തിരിച്ചടക്കുന്നവർക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് ലഭ്യമാക്കിയിരുന്നതെന്ന് വിവരിക്കുമോ; | (സി) | ഈ പദ്ധതി പ്രകാരം കുടിശ്ശിക വായ്പ തിരിച്ചടക്കുമ്പോൾ പലിശ കണക്കാക്കുന്നത് സാധാരണ പലിശ ആയാണ്. എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴ പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം കുടിശ്ശിക തിരിച്ചടയ്ക്കുമ്പോൾ കുടിശ്ശിക വായ്പ മുതൽ സംഖ്യയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ തുക ഈടാക്കി |

| | | | |
|---|---|---|---|
| | | | കണക്ക് അവസാനിപ്പിക്കാവുന്നതാണ്. പലിശ ബാക്കിനിൽപ്പ് മുതലിനെക്കാൾ അധികരിക്കയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ . കണക്ക് അവസാനിപ്പിക്കാവുന്നതാണ്. മരണപ്പെട്ടവർ, അപകടം പറ്റി ശയ്യാവലംബരായവർ, മാരക രോഗം ബാധിച്ചവർ എന്നിവരുടെ വായ്പ പരിഗണിക്കുമ്പോൾ ആർബിട്രേഷൻ ഫീസ്, കോടതിച്ചെലവുകൾ, പരസ്യച്ചെലവുകൾ, എക്സിക്യൂഷൻ ഫീസ് എന്നിവ ഒഴിവാക്കി നൽകുന്നതാണ്. വായ്പാ തുക ഈ പദ്ധതി കാലാവധിയ്ക്കുള്ളിൽ ക്രമമായി അടച്ചു തീർക്കുന്നവർക്ക് ആകെ ടി വായ്പയിലേക്ക് 2016-17 സാമ്പത്തിക വർഷം അടച്ച പലിശ തുകയുടെ 10 ശതമാനം തുക വരെ അവസാനത്തെ തവണ അടയ്ക്കുമ്പോൾ ഇളവ് നൽകുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു. |
| (ഡി) | എന്നുവരെയാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ഈ പദ്ധതിയുടെ ആനുകൂല്യം 2017 ഫെബ്രുവരി 1 മുതൽ 2017 മാർച്ച് 31 വരെയാണ് ലഭ്യമായിരുന്നത്. |

**സെക്ഷൻ ഓഫീസർ**